# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3751

20-06-2019 ൽ മറുപടിയ്ക്ക്

## യാത്രാക്കപ്പലുകളുടെയും അതിവേഗ യാത്രാബോട്ടുകളുടെയും സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ :<br>ശ്രീ. സി.മമ്മൂട്ടി :<br>ശ്രീ. പി.കെ.അബ്ദു റബ്ബ് :<br>ശ്രീ. കെ.എം.ഷാജി : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ തുറമുഖ - ങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് യാത്രാക്കപ്പ - ലുകളും അതിവേഗ യാത്രാബോട്ടുകളും സർവ്വീസ് ആരംഭിക്കുന്ന - തിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) കോവളം-കന്യാകുമാരി, തിരുവനന്തപുരം-കൊച്ചി, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കോവളം-കന്യാകുമാരി അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിനായി M/s.NATPAC-നെ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ Draft Report തുറമുഖ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. M/s.NATPAC-നോട് അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. സ്വകാര്യപങ്കാളിത്തത്തോടെ തിരുവനന്തപുരം-കൊച്ചി, കൊച്ചി - കോഴിക്കോട് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി താല്പര്യപത്രം ക്ഷണിക്കുകയും മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് 2 കപ്പലുകൾ കൊച്ചിയിൽ എത്തിച്ചിട്ടുണ്ട്. ആയതിന്റെ സേഫ്റ്റി, രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച നടപടികൾ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ്, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നിവയുമായി ബന്ധപ്പെട്ട് നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് മെസ്സേഴ്സ് സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | മെസ്സേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി 23/3/2016-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വെസ്സൽ കൊണ്ടുവന്ന് ഓപ്പറേറ്റ് ചെയ്യണം എന്നാണ് വ്യവസ്ഥ. ഈ കരാറിന് മന്ത്രിസഭയുടെ അംഗീകാരം തേടിയിട്ടില്ല. |
| (സി) | സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എം.എം.ഡി യുടെ അംഗീകാരം ലഭ്യമാക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | കരാർ വ്യവസ്ഥപ്രകാരം എം.എം.ഡിയുടെ അംഗീകാരം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടത് മെസ്സേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡാണ്. ടി നടപടികൾ കമ്പനി സ്വീകരിച്ചു വരുന്നുണ്ട്. തുറമുഖ വകുപ്പിൽ നിന്നും ഈ വിഷയത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**